**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 400** | **08-08-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2018-19 സാമ്പത്തിക വർഷത്തിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ പെരുങ്കടവിള വില്ലേജിൽ സർവ്വേ നമ്പർ 433/34-1, 433/39-ൽ തോട്ടവാരം സുരേഷ്ഭവനിൽ കമലാക്ഷി എന്ന പേർക്ക് ലൈഫ് ഭവന പദ്ധതി മുഖേന പഞ്ചായത്തിൽ നിന്നും വീട് അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | ഗുണഭോക്താവിന് 2018-2019 വർഷത്തിൽ ലൈഫ് മിഷൻ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുകയും ടിയാൾ ഭവനനിർമ്മാണം പൂർത്തീകരി ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തിക്ക് പഞ്ചായത്തിൽ നിന്നും ലൈഫ് ഭവന പദ്ധതി കൂടാതെ മറ്റ് എന്തൊക്കെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ശ്രീമതി. കമലാക്ഷിക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സോക്ക് പിറ്റ് നിർമ്മാണത്തിന് 16816 രൂപയും, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 62 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയതിൽ 16802 രൂപയും മണ്ണ്, ജല സംരക്ഷണ പ്രവൃത്തിയിൽ ഒരു ദിവസത്തെ തൊഴിൽ ദിനം നൽകിയ വകയിൽ 276 രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യക്തിക്ക് ലൈഫ് മിഷൻ വഴി നൽകിയ ഭവനം മറ്റാരുടെയെങ്കിലും ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണെന്ന പ്രചരണം ശരിയാണോ എന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>ഗുണഭോക്താവിന് 2018-2019 വർഷത്തിൽ ലൈഫ് മിഷൻ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുകയും ടിയാൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ